# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**,**

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

**e-mail: auditlfdopkd@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-13-2252/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ - auditlfdopkd@gmail.com

വെബ് -www.lfa.kerala.gov.in

ഫോൺ 04912520145

തീയതി. 22-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരുതൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡിക ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
(ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്. എ-പികെഡി.13-2252/2016 തിയ്യതി: 22-12-2016

## പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-9-2015 മുതൽ 19-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| മാനുവൽ രശീതികൾ - 26851 മുതൽ 26862 | 13 |
| സാംഖ്യ രശീതികൾ - 5659558 മുതൽ 4692065 വരെ | 5443 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്

തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| സ്ഥാപനം | പരുത്തൂർ ഗ്രാമ പഞ്ചായത്ത് |
| വിസ്തീർണ്ണം | 20.71 ച.കീമി |
| ജനസംഖ്യ | 24345 |
| വാർഡുകളുടെ എണ്ണം | 16 |
| ആകെ ജീവനക്കാരുടെ എണ്ണം | 15 |
| സ്ഥിരം | 10 |
| താൽക്കാലികം | 1 |
| കരാറടിസ്ഥാനത്തിൽ | 5 |

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-2016 മുതൽ 28-10-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എം.എസ്.താരിഖ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.വാസുദേവൻ | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീമതി.ടി.ശാന്തകുമാരി ടീച്ചർ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.പി.വിജയകുമാരൻ | 1-4-2015 മുതൽ 31-3-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നിജാമോൾ | 1-4-2015 മുതൽ 1-6-2015 വരെ |
| | ശ്രീമതി.കെ.പി.ദീപ | 2-6-2015 മുതൽ 31-12-2015 വരെ |
| | ശ്രീമതി.സുചിത്ര.ബി.ഷേണായി | 1-1-2016 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പി.ഷൈജു | 1-4-2015 മുതൽ 18-9-2015 വരെ |
| | ഡോ.വൈഖരി.കെ.പി | 19-9-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ.ജിതേഷ് കുമാർ | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കമലാവതി.എം | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സജീവ്.കെ.കെ | 1-4-2015 മുതൽ 13-11-2015 വരെ |
| | ശ്രീമതി.റൂബി നസീർ | 14-11-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.അലി.എം.പി | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.രേണു.എസ്.ആർ | 1-4-2015 മുതൽ 31-3-2016 വരെ |

## ഉള്ളടക്കം

### ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 2(1) |
| 2 | സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികതി ഡാറ്റാ എൻട്രി നടത്തിയതിലെ അപാകതകൾ മൂലം നഷ്ടം | 2(2) |
| 3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനാൽ റവന്യൂചോർച്ച | 2(3) |
| 4 | ഈടാക്കുവാൻ വിട്ടുപോയ തൊഴിൽനികുതി ഈടാക്കേണ്ടതാണ് | 2(4) |
| 5 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2(5) |
| 6 | ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കണം | 2(6) |
| 7 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല | 2(7) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്തിന് ഭീമമായ ബാധ്യത സൃഷ്ടിക്കുന്നു | 3(1) |
| 2 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണി-കരാറുകാരന് അനുവദിച്ച ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3(2) |
| 3 | അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 3(3) |
| 4 | തനത്ഫണ്ടിൽ നിന്നുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ സാമ്പത്തിക സ്ഥിതി വിലയിരുത്തേണ്ടതാണ് | 3(4) |
| 5 | സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ പദ്ധതി ആസൂത്രണ-നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ തനത് ഫണ്ടിൽ നിന്നും നിർവ്വഹിച്ചു | 3(5) |
| 6 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയില്ല | 3(6) |
| 7 | മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3(7) |
| 8 | കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയാവസ്ഥയിലുള്ള വികസനഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3(8) |
| 9 | പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പുതുക്കിയ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടത്തുന്നില്ല | 3(9) |
| 10 | വിവാഹ ധനസഹായം-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ് | 3(10) |
| 11 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം | 3(11) |

| | | |
|---|---|---|
| | നൽകേണ്ടതാണ് | |
| 12 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(12) |
| 13 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(13) |
| 14 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 3(14) |
| 15 | കുടിവെള്ളപദ്ധതികളുടെ പഴയ മോട്ടോറുകൾ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 3(15) |
| 16 | റീടെൻഷൻ തുക വി.പി.എഫ്.എ.1 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3(16) |
| 17 | അയനിപറമ്പ് റോഡ് റീടാറിംഗ്-ബില്ല് തയ്യാറാക്കിയതിൽ അപാകത | 3(17) |
| 18 | ആശ്രയ പദ്ധതി-അവലോകനം | 3(18) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 26.03.2016 ലെ തീരുമാനം നം. 1 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30-7-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14173966 |
| വരവ് | 38543192 |
| ആകെ | 52717158 |

| | |
|---|---|
| ചെലവ് | 49775382 |
| നീക്കിയിരിപ്പ് | 2941776 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചത് | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2108500 | 3077355 | 3448733 | 8634588 | 8634588 | 0 | 0 |
| വികസന ഫണ്ട് എസ്.സി.പി | 1123774 | | 4838921 | 5962695 | 5938921 | 23774 (വി.എഫ്.എ 2) | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | | 9000 | 9000 | 0 | 9000 (തിരിച്ചടവ്) | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 84779 | 415221 | 6768985 | 7268985 | 7268985 | 0 | 0 |
| സംരക്ഷണ | 1424381 | | 1446706 | 2871087 | 2455866 | 415221 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് നോൺ റോഡ് | | | | | | (റോഡി ലേക്ക്) | |
| 14-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1851396 | | 5572203 | 7423599 | 4701768 | 2721831 (വി. എഫ്. എ 2) | |
| പെർ ഫോമ ൻസ് ഗ്രാന്റ് | 2346000 | | 205400 | 2551400 | 2219650 | 331750 (വി.പി. എഫ്. എ 2) | 0 |
| എം.എൻ. ആർ. ഇ. ജി.എസ്. | 141672 | | 12316885 | 12458557 | 12458557 | 0 | 0 |
| ബി ഫണ്ട് | 0 | | 22925325 | 22925325 | 22925325 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 246 | 157 | - | 89 | 60 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3427000 | 2168112 | 63 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 766600 | 345480 | 45 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 14 | 8 | 7993500 | 4205000 | 53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 4259200 | 2958183 | 69 |
| സെക്രട്ടറി | 29 | 16 | 12429184 | 4326657 | 35 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 183 | 119 | 29146408 | 20780246 | 71 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 2 | 580000 | 434200 | 75 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 200000 | 200000 | 100 |

# 1-7 തനത് വരുമാനം

| ഇനം | മുൻ വർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3008845 | 2246593 | -762252 | (-)25 |
| നികുതിയേതര വരവുകൾ | 283917 | 380051 | +96134 | (+)34 |
| ആകെ | 3292762 | 2626644 | (-)666118 | (-)20 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 8 | 8 | - | - |
| 2 | തൊഴിൽ രഹിത വേതനം | 15 | 10 | 7 | 5 എണ്ണത്തിന് വില്ലേജ് ഓഫീസിൽ നിന്ന് വരുമാന |

| | | | | | |
|---|---|---|---|---|---|
| | | | | | സർട്ടിഫിക്ക് ലഭിക്കുകന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. |
| 3 | വിധവാ പെൻഷൻ | 54 | 54 | 1 | - |
| 4 | വികലാംഗ പെൻഷൻ | 19 | 19 | 1 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 12 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 124 | 124 | 3 | - |

# 1-9 ക്യാഷ് വേരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2447 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27-9-2016 | 8/2016 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 19-6-2008 | 97-98 മുതൽ 2007-08 വരെ | 14-8-2008 | ഇല്ല |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഡെപ്പോസിറ്റുകൾ മൂന്നുവർഷകാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്ന് കണ്ടെത്തി.

| വർഷം | ഡെപ്പോസിറ്റ് തുക |
|---|---|
| 1982-83 | 500 |
| 1992-93 | 250 |
| 1998-99 | 2004 |
| 2000-01 | 1000 |
| 2001-02 | 4050 |
| 2003-04 | 9200 |
| 2004-05 | 14025 |

| | |
|---|---|
| 2005-06 | 163501 |
| 2006-07 | 43500 |
| 2007-08 | 15500 |
| 2008-09 | 11000 |
| 2009-10 | 53336 |
| 2010-11 | 11569 |
| 2011-12 | 25810 |
| 2012-13 | 785 |

മൂന്നുവർഷത്തെ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികതി ഡാറ്റാ എൻട്രി നടത്തിയതിലെ അപാകതകൾ മൂലം നഷ്ടം

### 1. വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്തത് ക്രമീകരിക്കണം

ഏതാനും സ്ഥാപനങ്ങളുടെ ഉടമകൾക്ക് 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നിന്ന് വിവിധ വ്യാപാരങ്ങൾ തുടങ്ങുന്നതിനായി ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുമായി താരതമ്യം ചെയ്തപ്പോൾ വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള വസ്തു നികുതിയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം/ ഉടമസ്ഥൻ | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | വാർഡ്/കെട്ടിട നം. | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള നികുതി/ കെട്ടിട ഇനം |
|---|---|---|---|
| റൈസ് & ഫ്ലവർ ഓയിൽ മിൽ ശ്രീ.മുഹമ്മദാലി | 137 | 3/368 | 208 + 11 (LC) റെസിഡൻഷ്യൽ |
| ക്ഷീരോൽപാദക സഹകരണ സംഘം | 125 | 11/217 | 198+10 (LC) റെസിഡൻഷ്യൽ |
| സ്റ്റേഷനറി ശ്രീ.ശങ്കുണ്ണി പണിക്കർ | 161 | 12/293 | ടിയാളുടെ ഉടമസ്ഥതയിലുള്ള 12/293, 293A, 293B, 294 to 296 നമ്പർ കെട്ടിടങ്ങൾക്ക് റെസിഡൻഷ്യൽ നിരക്കിൽ |

ഓഡിറ്റ് അന്വേഷണം നം. 4/25-10-2016 നുള്ള മറുപടിയിൽ നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയതിൽ വന്ന തെറ്റ് മൂലമാണ് 'റസിഡൻഷ്യൽ' എന്ന രീതിയിൽ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നും തെറ്റ് പരിഹരിക്കുന്നതെന്നുമാണ് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ പരിശോധിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തില്ല

ന്യൂ ബിൽഡിങ് രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ നൽകി നികുതി നിർണയം നടത്തിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 2015-16 വർഷത്തെ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി.

| ഉടമസ്ഥൻ | ന്യൂ ബിൽഡിങ് രജിസ്റ്റർ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങൾ | കുറിപ്പുകൾ |
|---|---|---|

| | | |
|---|---|---|
| ശ്രീ.അബ്ദുൾസലാം | 9/431A, B, C, D<br><br>(431A, B വാണിജ്യാവശ്യത്തിനും C, D താമസാവശ്യത്തിനും) | 9/431B, D മാത്രമാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. |
| ശ്രീ.ഹർഷാദ്ഇഖ്ബാൽ | 2/192A മുതൽ 192L വരെ (മുഴവനം വാണിജ്യാവശ്യത്തിന്) | 192A, I, L<br><br>കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. |

ഓഡിറ്റ് അന്വേഷണം നം. 4/25-10-2016 നുള്ള മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്താത്തതിനാലാണ് കെട്ടിടങ്ങളുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാതിരുന്നതെന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന നടത്തിയ ഡാറ്റാ എൻട്രിയുടെ കൃത്യത പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗ് വേളയിൽ ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു. പഞ്ചായത്തിനുണ്ടാകുന്ന നികുതിചോർച്ച അടിയന്തിരമായി പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനാൽ റവന്യൂചോർച്ച

ഗ്രാമപഞ്ചായത്ത് രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് 8 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ/ടവർ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5/487 | കരുവാൻപടി | ബിന്ദു.ടി.നായർ<br><br>വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2011 | 2012-13 മുതൽ |

| | | | | | |
|---|---|---|---|---|---|
| 2 | 5/724 | കരുവാൻപടി | ആർ.ആർ. ആർക്കേഡ്, ഗീതാഞ്ജലി, കൊച്ചി.<br><br>ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 2008 | 2010-11 മുതൽ |
| 3 | 8/295 | കുളമുക്ക് | ജെ.കമ്പനി ചേമ്പേഴ്സ്<br><br>വയർലെസ് ടി.ടി ഇൻഫോ സർവീസ് | 2011 | 2012-13 മുതൽ |
| 4 | 16/470 | കരിയന്നൂർ | ഐഡിയ സെല്ലുലാർ ലിമിറ്റഡ്<br><br>$3^{rd}$ ഫ്ലോർ, മൈൻഡ്ബസ്, മാവേലിപുരം, തൃക്കാക്കര | 2011 | 2014-15 മുതൽ |
| 5 | 12/179 | തെക്കേക്കുന്ന് | SIDM ടെലിസർവ്വീസ് ലിമിറ്റഡ്<br><br>എസ്.എച്ച്.പ്ലാസ പാലാരിവട്ടം | 2008 | 2013-14 മുതൽ |
| 6 | 10/565 | മംഗലം | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് $8^{th}$ ഫ്ലോർ, വെങ്കാരത്ത് ടവേഴ്സ് കൊച്ചി. | 2008 | 2014-15 മുതൽ |
| 7 | 9/647 | കോടന്നൂർ | റിലയൻസ് ഇൻഫോടെൻ ലിമിറ്റഡ് എസ്.എ റോഡ് കൊച്ചി | 2008 | 2010-11 മുതൽ |
| 8 | 9/- | കോടന്നൂർ | BSNL ലിമിറ്റഡ് | 2010 | 2011-12 മുതൽ |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക

ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്നും മേൽസൂചിപ്പിച്ച പ്രകാരം വസ്തുനികുതി കുടിശ്ശിക ഈടാക്കുവാനുണ്ടെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഒടുക്കുവാൻ ആവശ്യപ്പെട്ട് ടവർ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തുക ഒടുക്കിയിട്ടില്ല. പല സ്ഥാപനങ്ങൾക്കും അയച്ച നോട്ടീസ് കൈപ്പറ്റാത്തതിനാൽ തിരികെ വന്നതായി സെക്രട്ടറി അറിയിച്ചു. കുടിശ്ശിക ഈടാക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന ചോർച്ച തടയുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ഈടാക്കുവാൻ വിട്ടുപോയ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

2015-16 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത്

ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, പരളൂർ | 2 | I |
| 2 | മാവേലി സ്റ്റോർ | 1 | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന്റെ കാരണം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി അസ്സസ് ചെയ്ത് കുടിശ്ശികയായി ചേർത്തിട്ടുമില്ല.

ബി. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് | II |
| 2 | മാവേലി സ്റ്റോർ | I & II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. വിവിധ തൊഴിലുകളിൽ ഏർപ്പെട്ട ആളുകളുടെ തൊഴിൽനികുതി

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ബിൽഡിംഗ് എഞ്ചിനിയർ/സൂപ്പർവൈസർ, ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
കുടിശ്ശിക വരുത്തുന്ന ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ കുടിശ്ശിക വിവരം ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയത് കുടിശ്ശിക ഡിമാന്റ് ആയി കണക്കാക്കേണ്ടതും രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 14/27-10-2016 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കണം

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 196 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഡി&ഒ ലൈസൻസ് നൽകിയപ്പോൾ ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിച്ചില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയപ്പോൾ അവശ്യം ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| സ്ഥാപനം/ ഉടമയുടെ പേര് | ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം | തുക/ രസീതി നം | ബാധകമായ ഉത്തരവ് |
|---|---|---|---|
| പ്രിൻസ് ഹോളോബ്രിക്സ്<br>ഉടമസ്ഥൻ- ശ്രീ.മുഹമ്മദ് | മലിനീകരണ നിയന്ത്രണ ബോർഡ് | 200<br>11401103615/ 11.2.15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741 /09/09 നമ്പർ സർക്കുലർ |
| ചിക്കൻ സ്റ്റാൾ<br>ഉടമസ്ഥൻ- ശ്രീ.ഇബ്രാഹിം | മലിനീകരണ നിയന്ത്രണ ബോർഡ് | 200<br>11501101282/ 30.6.15 | 1996-ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ |

ബി. പൊതു വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ യാതൊരു വിവരവും ലൈസൻസ് രജിസ്റ്ററിൽ നിന്നോ അപേക്ഷകളിൽ നിന്നോ ലഭ്യമായില്ല. ഈ വിഷയത്തിൽ ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 3/26-10-2016 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2015-16 ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | പക്ഷികളുടെ എണ്ണം | ഡി&ഒ ലൈസൻസ് രസീതി നം., തുക |
|---|---|---|---|
| 1 | ജെറുസലേം പൗൾട്രി ഫാം.<br>ഉടമസ്ഥൻ- ബൈജു.ടി.ഡി | 100000<br>(District Industries Centre ന്റെ സർട്ടിഫിക്കറ്റ് പ്രകാരം) | 400<br>11401103728/21.2.15 |
| 2 | കരിയന്നൂർ പൗൾട്രി ഫാം.<br>ഉടമസ്ഥൻ- അബ്ദുൾ റഹിമാൻ | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. | 200<br>11501100883/22.5.15 |

മേൽ ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 3/26-10-2016 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്തിന് ഭീമമായ ബാധ്യത സൃഷ്ടിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 451 പൊതു കുടിവെള്ളടാപ്പുകൾ നിലവിലുള്ളതായി കണക്കാക്കി പ്രതിമാസം 197313 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്തിന് ഒടുക്കേണ്ടതുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപയാണ് നിരക്ക്. സാമ്പത്തിക സ്ഥിതി മോശമായതിനാൽ നിലവിൽ പ്രതിമാസം ഒടുക്കേണ്ടതുക ഗ്രാമപഞ്ചായത്ത് ഒടുക്കുന്നില്ല. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ലഭ്യമല്ല. പ്രതിവർഷം വെള്ളക്കരം ഇനത്തിൽ മാത്രം 23.68 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യതയാണ്. മുൻ വർഷങ്ങളിൽ വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ചവരുത്തിയതുമൂലം നിലവിലുള്ള കുടിശ്ശിക 11172158 രൂപയാണെന്ന് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

2015-16 വർഷത്തെ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 185965 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്.

പ്രൊ.നം. 147/16-വെള്ളക്കരം കുടിശ്ശിക ഒടുക്കൽ

ബിൽ നം. 38/22-3-2016 – 143608

19/3-1-2016 – 42357

ആകെ - 185965

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുടെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ കണക്ക് ശേഖരിച്ച് ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2. പുതുക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഡിമാന്റ് തുക ക്രമീകരിക്കേണ്ടതാണ്.

4. ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരച്ച് നടപ്പിലാക്കി ഒരു പ്രദേശത്തെ എല്ലാവരുടേയും കുടിവെള്ള ലഭ്യത ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വർദ്ധിക്കാതിരിക്കുവാൻ വെള്ളക്കരം അതാത് മാസം തന്നെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. 1.11 കോടി രൂപ കുടിശ്ശിക തീർക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 7/25-10-2016 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് നീക്കിയിരിപ്പ് കുറവായതിനാലാണ് യഥാസമയം കരം ഒടുക്കാത്തതെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി- കരാറുകാരന് അനുവദിച്ച ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണി ഏറ്റെടുത്ത കരാറുകാരൻ ശ്രീ.പി. ജ്യഷി എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്നും വൗച്ചർ നം.21500683 തിയതി 16/-1-16 പ്രകാരം 200000 രൂപ അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1% ആദായനികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയതിനാൽ ഈ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 2000 രൂപ ഈടാക്കി കേന്ദ്ര

സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6/26-10-2016 നുള്ള മറുപടിയിൽ തുക ഈടാക്കി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ ഒടുക്കിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കാണുന്നു. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21500590/14-12-2015 | 2500 | പട്ടാമ്പി ഉപജില്ലാ ശാസ്ത്ര മേളയിലേക്കുള്ള സംഭാവന |
| 21500661/1-1-2016 | 1000 | അന്താരാഷ്ട്ര വ്യാപാര മേളയിലേക്കുള്ള സംഭാവന |
| 21500662/1-1-2016 | 2500 | ബധിര മൂകർക്കുള്ള ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ശ്രീ. ഷബീറിന് നൽകിയ സംഭാവന |
| 21500930/26-3-2016 | 5000 | പരുതൂർ ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന സഹവാസ ക്യാമ്പിന് നൽകിയ സംഭാവന |
| 21500453/5-10-2015 | 720 | വയോജന ദിനാഘോഷം |
| 21500526/12-11-2015 | 4660 | ബഡ്സ് സ്കൂൾ ഉത്ഘാടന ചടങ്ങ് |

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം

അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തീയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.
അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തനത്ഫണ്ടിൽ നിന്നുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ സാമ്പത്തിക സ്ഥിതി വിലയിരുത്തേണ്ടതാണ്

2015-16 വർഷത്തിൽ തനത്ഫണ്ടിൽ നിന്നും 9826752 രൂപ വകയിരുത്തി 82 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 18 പ്രൊജക്റ്റുകളുടെ നിർവ്വഹണം നടത്തുകയും 2212292 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ (എം.എസ്) നം. 362/13/തസ്വഭവ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.iii പ്രകാരം തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് ചെലവഴിക്കേണ്ട അനിവാര്യ-പൊതു ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, ശുചീകരണം, വൈദ്യുത ചാർജ്ജ് അടക്കൽ തുടങ്ങിയ ചെലവുകൾക്ക് ആവശ്യമായ തുക മാറ്റിവെച്ചശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

പരുതൂർ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ 451 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കേരള ജല അതോറിറ്റിക്ക് ഒടുക്കേണ്ട പ്രതിമാസ വെള്ളക്കരം തനത്ഫണ്ടിന്റെ അഭാവത്തിൽ ഒടുക്കുന്നില്ല. ഈ ഇനത്തിൽ ജല അതോറിറ്റിക്ക് 11172158 രൂപയുടെ കുടിശ്ശിക നിലവിലുണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്തിന് മൈനസ് ഫണ്ട് ആണുള്ളത്.

മിച്ചഫണ്ട് നിലവിലില്ലാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം

തനത്ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ വിഭാവനം ചെയ്തിട്ടുള്ളത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനത്ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-5 സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ പദ്ധതി ആസൂത്രണ-നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ തനത് ഫണ്ടിൽ നിന്നും നിർവ്വഹച്ചു

സ.ഉ (എം.എസ്) നം. 362/13/തസ്വഭവ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 17 പ്രകാരം വികസനഫണ്ടിന്റേയും മെയ്ന്റനൻസ് ഫണ്ടിന്റേയും അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണ-നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി തുക വകയിരുത്തി ഒരു പ്രൊജക്റ്റ് ആവിഷ്കരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന് 2 ശതമാനം തുകയും (പരമാവധി 200000) നിർവ്വഹണ-മോണിറ്ററിംഗിന് 1.5 ശതമാനം തുകയും (പരമാവധി 100000) ചെലവഴിക്കാവുന്നതാണ്.

2015-16 വർഷത്തെ പദ്ധതി ആസൂത്രണ-നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്ക് പ്രൊജക്റ്റ് രൂപീകരിച്ചിട്ടുള്ളത് തനത് ഫണ്ടിൽ നിന്നും 100000 വകയിരുത്തിയാണ്. വിശദവിവരം താഴെ ചേർക്കുന്നു.
പ്രൊജക്റ്റ് നം. 1/16
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ചെലവ് – 48655 രൂപ

വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ച് ചെലവ് നിർവ്വഹിക്കാതെ തനത്ഫണ്ട് ചെലവഴിച്ചതുമൂലം മോശമായ സാമ്പത്തികസ്ഥിതിയുള്ള തനത്ഫണ്ടിന് 48655 രൂപയുടെ അധിക ബാധ്യതയുണ്ടായതായി വിലയിരുത്തുന്നു. ഇത്തരം പ്രൊജക്റ്റുകൾ രൂപീകരിക്കുമ്പോൾ തനത്ഫണ്ടിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള

## വിവിധ പദ്ധതികൾ നടപ്പിലാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തുവാനായി അംഗീകാരം ലഭ്യമാക്കിയ വിവിധ പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 152/16 | ഓട്ടോറിക്ഷ വാങ്ങൽ | സാധാരണ വിഹിതം-200000<br>മറ്റുള്ളവ-800000<br>ആകെ-1000000/- |
| 2 | 218/16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | അടങ്കൽ -472000 (എസ്.സി.പി) |
| 3 | 250/16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ | അടങ്കൽ -600000 (എസ്.സി.പി) |

ഓഡിറ്റ് അന്വേഷണം നം. 6/25-10-2016 നുള്ള മറുപടി താഴെ ചേർക്കുന്നു.

ക്രമ നം. 1 – വായ്പാ ബന്ധിതമായ പ്രൊജക്ടിൽ ഗുണഭോക്താക്കളെ ലഭിക്കാത്തതുകാരണമാണ് തുക ചെലവഴിക്കുവാൻ സാധിക്കാതിരുന്നത്.

ക്രമ നം. 2, 3 – ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാലാണ് തുക ചെലവഴിക്കുവാൻ സാധിക്കാതിരുന്നത്.

ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി മാത്രം വായ്പാ ബന്ധിതമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പ് അവസാനിച്ചതിനുശേഷം പദ്ധതികൾ നടപ്പിലാക്കാൻ സാധ്യത ഉണ്ടായിട്ടും നടപ്പിലാക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചറുകളും ലാപ്ടോപ്പുകളും ലഭ്യമായില്ല. ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

## 3-7 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രൊ. നം-233/16-മീഡിയാശ്രീ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 65000 (തനത് ഫണ്ട്)

വൗ.നം. 21500411/28-9-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 462/2015 തിയതി 18-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെൻററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്. സർക്കാർ ഉത്തരവനുസരിച്ച് 65000 രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്.

(28-09-2015 ലെ ഡി.ഡി നം.155280, 155281 പ്രകാരം യഥാക്രമം 30000/-. 35000രൂപ വീതം).
ഈ വിഷയത്തിന്മേൽ 25-10-16ന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5 നുള്ള മറുപടിയിൽ പദ്ധതിക്കു വേണ്ടി ഡോക്യുമെൻററി ചിത്രീകരണം നടന്നുവെന്നും ആയതിന്റെ സി.ഡി ലഭ്യമായിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്.
ഭരണസമിതിയുടെ കാലാവധി കഴിയുന്നതിന് തൊട്ടുമുമ്പായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. തുക അനുവദിക്കുവാൻ കാലതാമസം നേരിട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഡോക്യുമെന്ററിയുടെ സി.ഡി നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതിനാൽ മുൻഭരണസമിതിയുടെ നേട്ടങ്ങൾ സൂചിപ്പിക്കുന്ന ഡോക്യുമെന്ററിയുടെ പ്രസക്തി നഷ്ടപ്പെട്ടതായി വിലയിരുത്തുന്നു. ഈ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നതുവരെ 65000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയാവസ്ഥയിലുള്ള വികസനഫണ്ട് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിൽനിന്നും വിവിധ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടിൽ 1377420 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുകകളുടെ നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്ക് കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

അക്കൗണ്ട് നം. 43453, 74958പി.എൻ.ബി, പള്ളിപ്പുറം

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ടിന്റെ കൃത്യത പരിശോധിച്ച് അവശേഷിക്കുന്ന വികസനഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കുന്ന വികസനഫണ്ട് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പുതുക്കിയ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടത്തുന്നില്ല

പ്രൊ നം. 6/16-പെയിൻ & പാലിയേറ്റീവ് ക്ലിനിക്
അടങ്കൽ – 350000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 334200

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം 350000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 334200 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാഹന വാടകയിനത്തിൽ അധിക നിരക്ക് നൽകി

പാലിയേറ്റീവ് കെയറിനായി നാളിതുവരെ വാഹനം ലഭ്യമാക്കിയിട്ടില്ല. വാടകയ്ക്ക് ലഭ്യമാക്കുന്ന വാഹനം ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന് പരമാവധി നൽകാവുന്ന നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച് നൽകാവുന്ന നിരക്ക് താഴെ ചേർക്കുന്നു.

| കിലോമീറ്റർ (up and down) | പരമാവധി തുക |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കിലോമീറ്ററിൽ കൂടുതൽ | 1100 |

KL-52D-740 നമ്പറുള്ള വാഹനമാണ് സ്ഥിരമായി ഹോം കെയറിനായി വാടകയ്ക്ക് എടുത്തിട്ടുള്ളത്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിൽ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ എന്നു മാത്രമാണ് ട്രിപ്പ് ഷീറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓടിയ കിലോമീറ്ററിനെ അടിസ്ഥാനമാക്കി തുക അനുവദിക്കുന്നതിനു പകരം ഒരു ദിവസത്തിന് 1500 രൂപ അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 29-10-2015 മുതൽ വാഹന വാടകയായി പരമാവധി നൽകാവുന്ന തുക 1100 രൂപയാണ്. ആയതിനാൽ ഈ ഇനത്തിൽ വികസനഫണ്ടിന് ഉണ്ടായ ഏറ്റവും കുറഞ്ഞ നഷ്ടം താഴെ ചേർക്കുന്നു.

| മാസം | വാഹനം ഓടിയ ദിവസങ്ങൾ | അനുവദിച്ച നിരക്ക് | ആകെ അനുവദിച്ചത് | അനുവദനീയം | അധികം നൽകിയത് | ബിൽ നം./തിയതി, ബിൽ തുക |
|---|---|---|---|---|---|---|
| 11/2015 | 10 | 1500 | 15000 | 11000 | 4000 | 15/30-12-15<br>46850 |
| 12/2015 | 9 | 1500 | 13500 | 9900 | 3600 | 16/25-1-16<br>23500 |
| 1/2016 | 10 | 1500 | 15000 | 11000 | 4000 | 17/29-2-16<br>28300 |
| 2/2016 | 10 | 1500 | 15000 | 11000 | 4000 | 20/21-3-16<br>25000 |
| 3/2016 | 10 | 1500 | 15000 | 11000 | 4000 | 21/31-3-16<br>30400 |
| ആകെ | | | 73500 | 53900 | 19600 | |

വാഹനവാടകയിനത്തിൽ അധികം നൽകിയ 19600 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മറ്റ് നിരീക്ഷണങ്ങൾ

ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നീ കാര്യങ്ങൾക്കാണ് കൂടുതലായും വികസനഫണ്ട് ചെലവഴിച്ചിട്ടുള്ളത്. ഏറ്റവും അവശത അനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ വാട്ടർബെഡ്, വീൽചെയർ, വാക്കർ, യൂറിനൽ മുതലായവ സാമഗ്രികൾ വാങ്ങി നൽകിയതായികാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനവാടകയിനത്തിൽ അധികം നൽകിയ 19600 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി

സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനസഹകരണത്തോടെയോ സന്നദ്ധസംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 13/27-10-2016 നുള്ള മറുപടി തൃപ്തികരമല്ല.

# 3-10 വിവാഹ ധനസഹായം-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം. 2/16 -വിവാഹ ധനസഹായം

അടങ്കൽ - 22 ലക്ഷം (എസ്.സി.പി)

ചെലവ് - 22 ലക്ഷം
ബിൽ നം. 39/16-22-03-16 - 400000

ബിൽനം-18/16-30-12-2016-700000
ബിൽനം 1/16-30-6-2016 - 1100000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

എസ്.സി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം 44 പേർക്ക് 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 50000 രൂപയാണ്. വരുമാനം കണക്കാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് സ.ഉ(എം.എസ്)നം. 76/2012/ സാ.നീ.വ തിയതി 26-12-2012 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കുടുംബവിഹിതമോ, മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ പെൺകുട്ടിയുടെ പേരിൽ ഉള്ള ധനം ഉൾപ്പെടെ വരുമാനം കണക്കാക്കുവാൻ പരിഗണിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന

ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള ആഭരണങ്ങൾ വാങ്ങിയതിന്റെ ബില്ലുകളിൽ മാത്രം 50000 രൂപയിൽ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ തുക |
|---|---|---|
| 1 | ശ്രീ. കുഞ്ഞത്താപ്പൻ, പള്ളിപ്പുറം | 83120 |
| 2 | ശ്രീ. വിശ്വനാഥൻ, പരുതൂർ | 75870 |

അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം നൽകുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-11 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം നൽകേണ്ടതാണ്

പ്രോജക്ട് നം.11/16-ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – ICDS സൂപ്പർവൈസർ

അടങ്കൽ - 480000 – വികസന ഫണ്ട്

ബിൽ നം. 11/15-16 തിയതി 23/03/2016 – പിൻവലിച്ച തുക - 200000(Gen)

ബിൽ നം.1215-16 തിയതി 23/03/2016 – പിൻവലിച്ച തുക - 100000(Gen)

12ാം പദ്ധതിയുടെ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ തിയതി 16/11/2013 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ അർഹതപ്പെട്ട പലർക്കും ആനുകൂല്യം വളരെ കുറവായിട്ടാണ് നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വൈകല്യത്തിന്റെ തരം | ക്ലാസ് | നല്കിയ തുക | നല്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | അനഘ | എം ആർ | IX | 4878 | 12000 | 7122 |
| 2 | മുഹമ്മദ് റഹീബ് | എം ആർ | IX | 4878 | 12000 | 7122 |
| 3 | നാജിയ | എം ആർ | XII | 4878 | 12000 | 7122 |
| 4 | രാഹുൽ | എം ആർ | IX | 4878 | 12000 | 7122 |

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. Cerebral Palsy, Autism മുതലായവ നേരിടുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകാവുന്നതാണ്. അർഹതപ്പെട്ടവർക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന തരത്തിൽ ഫണ്ട് വകയിരുത്തേണ്ടതും അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-12 അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ആകെ 26 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 19 എണ്ണത്തിനാണ് സ്വന്തമായി കെട്ടിടം ഉള്ളത്. 4 അങ്കണവാടികളുടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. ഇനിയും 7 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 17 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. അങ്കണവാടികളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുവാൻ മുൻഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്. എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് മുഴുവൻ അങ്കണവാടികളുടെയും ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരികേണ്ടതാണ്.

# 3-13 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അസി.

എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ/ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ (പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സുഗമ സോഫ്റ്റ് വെയർ ഉപയോഗിച്ചില്ല

എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഐ.കെ.എം വികസിപ്പിച്ചെടുത്ത സുഗമ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണെന്ന 16-11-2013 ലെ സ.ഉ(എം.എസ്)നം. 362/2013 /ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്നില്ലെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

സാങ്കേതിക കാരണങ്ങളാലാണ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാതിരുന്നതെന്ന് അസി.എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

ഡി. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യു ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യു, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നതരത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ നൂറോളം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണചുമതല ഗുണഭോക്തൃസമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13 ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13 ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതെയാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു.

എ. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്)

ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. പ്രവൃത്തികളുടെ ഫയലുകൾ കൺവീനർമാർ അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ബി. 13.03.13 ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബില്ലുകളിലും, മസ്റ്റർ റോളുകളിലും കൺവീനർമാർ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും മേലധികാരികൾ ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർക്ക് 25% മൊബിലൈസേഷൻ അഡ്വാൻസ് നൽകാമെങ്കിലും ആർക്കുംതന്നെ മുൻകൂർ നൽകിയിട്ടില്ല.

ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-15 കുടിവെള്ളപദ്ധതികളുടെ പഴയ മോട്ടോറുകൾ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

വിവിധ പ്രൊജക്ടുകൾ പ്രകാരം നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ പഴയ മോട്ടോറുകൾക്ക് പകരം പുതിയ മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൺവീനർമാർ മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ വിവരം | അടങ്കൽ | ചെലവ് | ബിൽ നം./ തിയതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | 36/16-പറളി<br>കൺവീനർ-ശ്രീ.പി.കെ.സൈനുദീൻ | 60000 | 60000 | 29/<br>18-12-2015 | 7.5 HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |
| 2 | 237/16-തെക്കേകുന്ന്<br>കൺവീനർ-ശ്രീ.മനോജ് | 60000 | 60000 | 90/<br>30-3-2016 | 5 HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |
| 3 | 220/16-നട്ടുമുറി കോളനി<br>കൺവീനർ-ശ്രീ.നാരായണൻ.സി | 90000 | 90000 | 7/<br>31-3-2016 | 7.5 HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |
| 4 | 196/16-ചത്തേംപാറകുന്ന്<br>കൺവീനർ-ശ്രീ.എം.പി.വേലായുധൻ | 60000 | 60000 | 94/<br>30-3-2016 | 5HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |

പഴയ മോട്ടോറുകൾ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിച്ച് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. മോട്ടോറുകൾ ലേലം ചെയ്ത് കയ്യൊഴിച്ച് ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 റീടെൻഷൻ തുക വി.പി.എഫ്.എ.1 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

25/16-കൊണ്ടപ്പുറം-പുതുക്കുടിപടി റോഡ് അരികുസംരക്ഷണം

അടങ്കൽ - 400000 (SCP)

കൺവീനർ - ശ്രീ.കെ.പി.ഗോപാലൻ

എഗ്രിമെന്റ് നം. - 111/17-2-2016

പാർട്ട് ബിൽ തുക – 271218

ബിൽ നം. - 4/31-3-2016

അളവു പുസ്തകം - 100/15-16

ധനവിനിയോഗ മാർഗ്ഗരേഖ ജി.ഒ.(പി) നം.177/2006/ഫിൻ തിയതി 12.04.06 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലിൽനിന്നും റിടെൻഷൻ ഇനത്തിൽ ഈടാക്കുന്ന തുക ചെലാൻ മുഖാന്തിരം വി.പി.എഫ്.എ-1 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ പാർട്ട് ബിൽ തുക നൽകിയപ്പോൾ കുറവു ചെയ്ത റീടെൻഷൻ തുക 30135 രൂപ മേൽ പറഞ്ഞ പ്രകാരം മാറ്റി നിക്ഷേപിക്കാതെ ബിൽ തുകയിൽനിന്നും കുറവ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം - 301353

(-) റീടെൻഷൻ (10%) - 30135

ട്രഷറിയിൽ നിന്നും പിൻവലിച്ച തുക - 271218

(-) നികുതികൾ - 18985

കരാറുകാരൻ നൽകിയ തുക – 252233

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/26-10-2016 നുള്ള മറുപടിയിൽ അറിവില്ലായ്മമൂലമാണ് തുക വി.പി.എഫ്.എ-l അക്കൗണ്ടിലേക്ക് മാറ്റാതിരുന്നതെന്ന് ബോധിപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അവസാന ബിൽ നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ബില്ലുകൾ തയ്യാറാക്കി നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 അയനിപറമ്പ് റോഡ് റീടാറിംഗ്-ബില്ല് തയ്യാറാക്കിയതിൽ അപാകത

90/16-അയനിപറമ്പ് റോഡ് റീടാറിംഗ്

അടങ്കൽ - 350000

കരാറുകാരൻ - ശ്രീ.എ.കെ.നാരായണൻകുട്ടി

ടെണ്ടർ നിരക്ക് - 18.1% കുറവ്

എഗ്രിമെന്റ് നം. - 48/4-8-2015

അളവു പുസ്തകം നം. - 82, 82A/15-16

പിൻവലിച്ച തുക - 341142

ബിൽ നം. 91/30-3-2016

മേൽ പ്രവൃത്തിയുടെ അവസാന ബിൽ തുക നൽകിയപ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്ന് ടെണ്ടർ വ്യതിയാനമായ 18.1 % കുറവുചെയ്യാതിരിക്കുകയും പിന്നീട് പിഴവ് കണ്ടെത്തിയപ്പോൾ 61747 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. ചലാൻ നം. 173/20-4-2016 – 61747 രൂപ.

ബില്ല് തയ്യാറാക്കിയതിലെ അപാകത മൂലം നികുതികൾ കൂടുതലായി കണക്കാക്കുകയും കരാറുകാരന്റെ യഥാർത്ഥ തുകയിൽ 3706 രൂപയുടെ കുറവ് വരുകയും ചെയ്തു.

വിശദാംശം താഴെ ചേർക്കുന്നു.

| | കണക്കാക്കിയത് | കണക്കാക്കേണ്ടിയിരുന്നത് | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തി മൂല്യം | 341142 | 341142 | |
| (-) ടെണ്ടർ വ്യതിയാനം | - | 61747 | |
| | 341142 | 279395 | |
| - വാറ്റ് | 13646 | 11176 | |
| ആദായ നികുതി | 3412 | 2794 | 2470 |
| വെൽഫെയർ | 3412 | 2794 | 618 |

| | | | |
|---|---|---|---|
| ഫണ്ട് | | | |
| - തിരിച്ചടവ് | 61747 | - | 618 |
| ബാക്കി കരാറുകാരന് | 258925 | 262631 | 3706 |

ശ്രദ്ധക്കുറവുമൂലമാണ് ടെണ്ടർ വ്യതിയാനം കുറയ്ക്കാതിരുന്നതെന്നും പിന്നീട് തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം.12/26-10-2016 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്. ബില്ലുകൾ തയ്യാറാക്കുമ്പോൾ മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 ആശ്രയ പദ്ധതി-അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ് /12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

പരുതൂർ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് 1 & 2 പ്രൊജക്റ്റ് | ലഭ്യമാക്കിയത് |
|---|---|---|---|
| 1 | വീട് | 19, 19 | 4, 5 |
| 2 | ഭൂമി | 2, 3 | 0, 0 |

| | | | |
|---|---|---|---|
| 3 | വീട് റിപ്പയർ | 14, 7 | 4, 0 |
| 4 | കുടിവെള്ളം | 30, 32 | - |
| 5 | കക്കൂസ് | 37, 44 | 16, 13 |
| 8 | കറണ്ട് | 3 | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കിയ ലിസ്റ്റിൽ 158 അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്, നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 346367 | 153/16-സമൃദ്ധി | 346367 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഒന്നുമില്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

| വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 2008-09 മുതൽ 2010-11 | 3-3 | 7950 | 11501101036/8-6-2015 | ശ്രീ.മായാണ്ടി.കെ, സെക്രട്ടറി |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01 3-1 | 2005-06 51.3 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല | സമിതിയുടെ അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. |
| - | 2014-15 4.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും – വിഷയാധിഷ്ഠിത അവലോകനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പി | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | തീയ്യതി | ച്ചതിൻെറ വിവരം | | | | വാർഷിക കണക്കിൻെറ വിവരം | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി | 15-12-2010<br>18-12-2015<br>(പുതിയത്) | - | - | - | - | ചാർട്ടേർട് അക്കൗണ്ടന്റിന്റെ പരിശോധന നടത്തിയിട്ടില്ല. | വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38543192 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49775382 |
| വരവിനങ്ങളിലുള്ള നഷ്ടം | 5700/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 5700/- | | ശ്രീ.പി.പി. |

| | | | |
|---|---|---|---|
| | | | വിജയകുമാരൻ, സെക്രട്ടറി |
| 3-9 | - | 19600 | ഡോ.അലി.എം.പി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | - | 19600 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 65000 | ശ്രീ.പി.വിജയകുമാരൻ, സെക്രട്ടറി |
| ആകെ | 65000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം

ഖണ്ഡിക 3-2 – 2000 രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – ശ്രീ.പി.വിജയകുമാരൻ, സെക്രട്ടറി

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വിജയകുമാരൻ, സെക്രട്ടറി | സെക്രട്ടറി, പരുതൂർ ഗ്രാമപഞ്ചായത്ത് | പൂക്കുന്നിയിൽ വീട്, കോടല്ലൂർ, മേലേപ്പട്ടാമ്പി(പി.ഒ), |

| | | |
|---|---|---|
| | | പാലക്കാട്-679306 |
| ഡോ.അലി.എം.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പരുതൂർ ഗ്രാമപഞ്ചായത്ത് | മണൽപറമ്പിൽ വീട്, പുറത്തൂർ (പി.ഒ), തിരൂർ, മലപ്പുറം-676102 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1202/2000 18-1-2001 | 4 |
| 1997-98 | എൽ.എഫ്.പി8/687/2001 31-10-2001 | 19 |
| 1998-99 | എൽ.എഫ്.പി8/625/2002 5-10-2002 | 10 |
| 1999-00 | എൽ.എഫ്.പി8/644/2004 16-9-2004 | 4 |
| 2000-01 | എൽ.എഫ്.പി8/567/2004 19-11-2004 | 22 |
| 2001-02 | എൽ.എഫ്.പി3/6109/2007 14-6-2007 | 12 |
| 2002-03 | എൽ.എഫ്.പി13/935/2007 26-5-2008 | 7 |
| 2003-04 | എൽ.എഫ്.പി13/530/2013 20-6-2013 | 3 |
| 2004-05 | എൽ.എഫ്.പി13/1362(1)/2012 | 5 |

| | | |
|---|---|---|
| | 10-7-2012 | |
| 2005-06 | എൽ.എഫ്.പി13/628/2013<br>6-2-2014 | 2 |
| 2006-07 | എൽ.എഫ്.പി13/2364(3)/2012<br>17-6-2013 | 4 |
| 2007-08 | എൽ.എഫ്.പി13/2364(4)/2012<br>17-6-2013 | 10 |
| 2008-09,<br>2009-10<br>& 2010-11 | എൽ.എഫ്.പി13/1385/2013<br>17-12-2013 | 14 |
| 2011-12 | കെ.എസ്.എ-പികെഡി-13-1690/15 / 5-2-2016 | 11 |
| 2012-13,<br>2013-14<br>&<br>2014-15 | കെ.എസ്.എ-പികെഡി-13-1909/16 / 18-2-2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1**

# അനുബന്ധം 1

നം.കെ.എസ്.എ-പികെഡി-13-2252/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി. 22-12-2016

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻറെ 215-ാം വകപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിൻറെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പരുതൂർ ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

ആസ്തിമൂല്യം കൃത്യമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD.13-2252/2016

Kerala State Audit Department

District Audit Office,Palakkad

Date –22 -12 -2016

## Audit Certificate

Certified that I have audited the Annual Financial Statement of Paruthur Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Paruthur Gramapanchayat for the year 2015-16 except the defects specified in the Annexure of this Certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not ascertained properly and included in Balance Sheet.

Deputy Director